കാലിത്തീറ്റ ഉൽപ്പാദനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ പദ്ധതി

*4 [468] *ശ്രീ. എ. സി. മൊയ്തീൻ:*

" *കെ. കെ. ജയചന്ദ്രൻ:*

" *പിരപ്പൻകോട് മുരളി:*

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി കുറഞ്ഞതോടുകൂടി കാലികൾക്ക് കൊടുക്കുവാനുള്ള വയ്ക്കോലിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കന്നുകാലി കർഷകർക്ക് അവരുടെ കൃഷിയിടങ്ങളിൽത്തന്നെ പശുക്കൾക്ക് കൊടുക്കുന്നതിനാവശ്യമായ ഫുഡ് പാക്കേജ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും പരിപാടിക്ക് രൂപംനൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ലാഭകരമായരീതിയിൽ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് പറയാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) ഉണ്ട്.

(ബി) ഉണ്ട്. വിവിധ പദ്ധതികളിലായി അത്തരം സ്വാശ്രയത്വം കൈവരിക്കാനുള്ള അവസരം ലഭ്യമാണ്. സംസ്ഥാനത്ത് കാലിത്തീറ്റയ്ക്ക് ആവശ്യമായ 32.2 ലക്ഷം ടൺ ശുഷ്ക്കപദാർത്ഥത്തിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. ഇതിനായി 5.4 ലക്ഷം ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി നടപ്പിലാക്കിയെങ്കിലേ ഈ കുറവ് പരിഹരിക്കാൻ കഴിയൂ. നടപ്പുസാമ്പത്തിക വർഷം 1200 ഹെക്ടറിൽ പുൽക്കൃഷി ചെയ്യുന്നതിന് പുൽക്കട സൗജന്യമായി നൽകും, ഹെക്ടർ ഒന്നിന് 5000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 10,000 ഗുണഭോക്താക്കൾക്ക് അസോള കൃഷിക്കായി ധനസഹായം നൽകുന്നതിന് 35 ലക്ഷം രൂപയും പുൽക്കടകൾ വാങ്ങി വിതരണം ചെയ്യുന്നതിന് 33.6 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ 400 ഹെക്ടർ സ്ഥലത്ത് സബ്സിഡി നൽകാതെയും പുൽക്കൃഷി വ്യാപിപ്പിക്കാനും ഉദ്ദേശിക്കുന്നു.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിലെ നിലവിലുള്ള ഉൽപ്പാദനം 200-ൽ നിന്ന് 300 ടണ്ണായി വർദ്ധിപ്പിക്കാനും, പൊടി രൂപത്തിലുള്ള കാലിത്തീറ്റയുടെ ഉൽപ്പാദനം 'പെല്ലറ്റ്' രൂപത്തിലാക്കി മാറ്റുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കേരള ഫീഡ്സ്

LIBRARY ARCHIVES Kerala Legislative Assembly

ലിമിറ്റഡിന്റെ കാലിത്തീറ്റ ഉൽപ്പാദനം പ്രതിദിനം 500-ൽനിന്നും 650 ടണ്ണായി വർദ്ധിപ്പിക്കുന്നതാണ്.

യൂറിയ ചേർത്ത് വൈക്കോൽ സമ്പുഷ്ടീകരിക്കുന്നതിനായി 90 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കിയിട്ടുണ്ട്.

ലഭ്യമായ ഫോഡർ, കാലിത്തീറ്റ എന്നിവ ക്രമീകരിച്ച് ബാലൻസ്ഡ് റേഷൻ നൽകുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ചർച്ചാക്ലാസ്സുകൾ, കർഷക സമ്പർക്ക പരിപാടികൾ, സെമിനാറുകൾ എന്നിവ മുഖേന കർഷകർക്ക് ഉപദേശം നൽകി വരുന്നു. ലഘുലേഖകൾ, ബുക്ക്‌ലറ്റുകൾ, ക്ഷീരകർഷക സഹായി എന്നിവ മുഖേനയും ഈ കാര്യത്തിൽ കർഷകർക്ക് അവബോധം നൽകിവരുന്നു.

(സി) കർഷക ഭൂമിയിൽ പുൽക്കൃഷി വ്യാപനത്തിനായി ഹെക്ടർ ഒന്നിന് അയ്യായിരം രൂപ നിരക്കിൽ സബ്സിഡി നൽകിയിരുന്നു. കർഷകരുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനും പുൽക്കൃഷി വ്യാപനത്തിനുമായി ബ്ലോക്ക് തലത്തിൽ ഫോഡർ പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ, ബ്ലോക്കുതലങ്ങളിൽ കർഷക സമ്പർക്ക പരിപാടികളിൽക്കൂടി കർഷകരിൽ അവബോധം സൃഷ്ടിക്കുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ അഞ്ച് പരിശീലന കേന്ദ്രങ്ങളിൽക്കൂടി പുൽക്കൃഷി വ്യാപനത്തിൽ കർഷകർക്കുവേണ്ട പരിശീലനം നൽകി വരുന്നുണ്ട്. ഉൽപ്പാദനശേഷി കൂടിയതും, പോഷകമൂല്യം കൂടുതലുള്ളതുമായ അസോള, പുൽ, പയർവർഗ്ഗ, കാലിത്തീറ്റ വിളകളുടെ വിത്ത്/നടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.

സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി

*5 [469] *ശ്രീ. ടി. പി. എം. സാഹിർ:*

„ *പി. കെ. കെ. ബാവ:*

„ *പി. കെ. അബ്ദുറബ്ബ്:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും വിള ഇൻഷ്വറൻസ് പ്രീമിയം ഈടാക്കാതെ സമഗ്രവിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly